ഇറച്ചിക്കോഴികളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ നടപടി

95 [2962] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
„ സി. ടി. അഹമ്മദ് അലി:
„ കെ. എൻ. എ. ഖാദർ:
„ ടി. പി. എം. സാഹിർ:
„ പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തുന്ന ഇറച്ചിക്കോഴികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ബി) ചിക്കൻ സ്റ്റാളുകളിൽ നിന്നും ലഭിക്കുന്ന ഇറച്ചിക്കോഴികൾ ഗുണനിലവാരമുള്ളതാണെന്ന് കണ്ടെത്താൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തുന്ന ഇറച്ചിക്കോഴികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് വിപണനം ചെയ്യുന്ന ഇറച്ചിക്കോഴികൾ ഗുണനിലവാരമുള്ളതാണെന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിൽപ്പന നടത്തുന്ന എല്ലാത്തരം മാംസവും ഗുണനിലവാരമുള്ളതാണെന്ന് ഉറപ്പുവരുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ട്.

(സി ആന്റ് ഡി) നിലവിലുള്ള സംവിധാനം ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പര്യാപ്തമാണ്.

ദേശീയ കുളമ്പുരോഗ നിർമ്മാർജ്ജന പദ്ധതി

96 [2963] ശ്രീ. ബിനോയ് വിശ്വം:
„ മാങ്കോട് രാധാകൃഷ്ണൻ:
„ എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ കുളമ്പുരോഗ നിർമ്മാർജ്ജന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണാരംഭിച്ചതെന്നു വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്ന് എന്തു സഹായം ലഭിച്ചുവെന്നു വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly